**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 524** **02-02-2023 - ൽ മറുപടിയ്ക്ക്**

**ചരക്ക് സേവന നികുതി സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചരക്ക് സേവന നികുതി സമ്പ്രദായം നടപ്പിലാക്കിയതിന് അനുസൃതമായി സംസ്ഥാനത്തെ നികുതി ഭരണ സംവിധാനം പുന:സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. പുനഃസംഘടിപ്പിച്ച ജി.എസ്.ടി. വകുപ്പിലെ പ്രധാന വിഭാഗങ്ങൾ ടാക്സ്പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നിവയാണ്. സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് (CRU), ഐ.ടി. മാനേജ്മെന്റ് സെൽ, ലീഗൽ സെൽ, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പെർഫോമൻസ് മോണിറ്ററിംഗ് സെൽ, ടാക്സ് റിസർച്ച് ആൻഡ് പോളിസി ഡിവിഷൻ, ഡാറ്റ അനലിറ്റിക്സ് ഡിവിഷൻ, റിവ്യൂ സെൽ, ഇന്റേണൽ ഓഡിറ്റ് & വിജിലൻസ് സെൽ തുടങ്ങിയ വിഭാഗങ്ങളുമുണ്ട്. ഫങ്ഷണൽ സ്പെഷ്യലൈസേഷൻ, സുതാര്യത, അനുകൂലമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കൽ എന്നിവ മുൻനിർത്തിയാണ് പുനഃ സംഘടന നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തെ ചരക്ക് സേവന വിനിമയങ്ങൾക്ക് ആനുപാതികമായി നികുതി തുകയിൽ വർദ്ധനവുണ്ടാകുന്നില്ലെന്ന കാര്യം പരിശോധനാ വിധേയമാക്കിയിരുന്നോ; ജനങ്ങളിൽ നിന്നും വ്യാപാരികൾ സമാഹരിക്കുന്ന നികുതി പൂർണ്ണമായും ഖജനാവിലെത്തുന്നുവെന്ന് ഉറപ്പ് വരുത്താൻ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങളോടൊപ്പം ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. നികുതി പിരിവുമായി ബന്ധപ്പെട്ട് വിവിധ രീതിയിലുള്ള അവലോകനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ വിദഗ്ധ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളിൽ നിന്നും വ്യാപാരികൾ സമാഹരിക്കുന്ന നികുതി സർക്കാരിലേക്ക് എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് "ലക്കി ബിൽ" പോലുള്ള പ്രചാരണ പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ചരക്കുകൾ ട്രാൻസ്പോർട് ചെയ്യുമ്പോൾ ബില്ല് നൽകിയിട്ടുണ്ടോ |

| | | | |
|---|---|---|---|
| | | | എന്ന വിവരം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ ടെസ്റ്റ് പർച്ചേസ് നടത്തി സാധനങ്ങൾ വിൽക്കുമ്പോൾ തന്നെ ബിൽ നൽകുന്നുണ്ടോ എന്നതും വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. ഇത് കൂടാതെ വകുപ്പിന്റെ പുനഃ സംഘടനയിലൂടെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നികുതി വെട്ടിപ്പ് സാധ്യത കുറയ്ക്കാൻ നടപ്പാക്കിയ ചെക്ക് പോസ്റ്റ് നിർത്തലാക്കിയ നടപടി ഫലപ്രദമാണോ; അതിന് പകരം ഏർപ്പെടുത്തിയിട്ടുള്ള ബദൽ ക്രമീകരണങ്ങൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്തു ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്നു ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കപ്പെട്ടു. ഇതിനെ തുടർന്ന് ഇ-വേബിൽ സമ്പ്രദായം നടപ്പിലാക്കപ്പെട്ടു. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് അതിർത്തിപ്രദേശങ്ങളിലൂടെയുള്ള ചരക്കു നീക്കം പരിശോധിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ഈ ക്യാമറകൾ ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനവുമായി ബന്ധിപ്പിച്ചു. ഇ-വേബിൽ ഇല്ലാതെ അതിർത്തി പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന വാഹനങ്ങളെ സംബന്ധിച്ച വിവരം അപ്പപ്പോൾ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാക്കുന്ന രീതിയിൽ ക്രമീകരിച്ചു. ഇതിലൂടെ അതിർത്തി പ്രദേശങ്ങളിലൂടെയുള്ള നികുതി വെട്ടിപ്പ് ഒരു പരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്. ഏതൊക്കെ ലോറികൾ കേരളത്തിലേക്ക് വന്നു എന്ന് അറിയാനും അതിലൂടെ വ്യാജ ബില്ലിംഗ് പോലുള്ള വിപത്തുകളെ കൃത്യമായി തടയാനും എ.എൻ.പി.ആർ. സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്. ഈ സംവിധാനം കൂടുതൽ കാര്യക്ഷമമായ രീതിയിൽ സംസ്ഥാനാതിർത്തികളിലും സംസ്ഥാനത്തിനകത്തുമുള്ള കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കിയും ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ